**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 884 04/03/2020-ലെ മറുപടി**

**ചെറുതാഴം, കുന്നിമംഗലം പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റ്റി.വി.രാജേഷ്** | **ശ്രീ. കെ. കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം, കുന്നിമംഗലം പഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് കിഫ്ബി മുഖേന ഭരണാനുമതി ലഭിച്ച കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട നിർമ്മാണ പുരോഗതി അറിയിക്കാമോ? | കല്ല്യാശ്ശേരി നിയമസഭാ നിയോജകമണ്ഡലത്തിലെ കുഞ്ഞിമംഗലം, ചെറുതാഴം പഞ്ചായത്തുകൾക്കും, ഏഴിമല നേവൽ അക്കാഡമി എന്നിവിടങ്ങളിലേക്കാ പ്രയോജനം ലഭിക്കുന്ന കുടിവെള്ള വിതരണ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് സർക്കാരിൽ നിന്ന് ഭരണാനുമതിയും കിഫ്ബിയിൽ നിന്നും ധനസഹായ അനുമതിയും ലഭിച്ചിട്ടുണ്ട്.<br>മേൽ പദ്ധതിയിൽ ഉന്നതല ജലസംഭരണികൾ {(ശ്രീസ്ഥ -8.5 ലക്ഷം ലിറ്റർ, പടിക്കപ്പാറ - 4.5 ലക്ഷം ലിറ്റർ, എടാട്ട- 8.5 ലക്ഷം ലിറ്റർ}, ഗ്രാവിറ്റി മെയിൻ (41450 മീറ്റർ), ടെലിമെട്രി റൂം എന്നീ ഘടകങ്ങൾ ഉൾപ്പെടുന്നു. ടി പദ്ധതി ഒരൊറ്റ പാക്കേജ് ആയി ടെൻഡർ ചെയ്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.<br>പദ്ധതിയിൽ 41450 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതിൽ 15336 മീറ്റർ സ്ഥാപിച്ചിട്ടുണ്ട്. കുഞ്ഞിമംഗലം പഞ്ചായത്തിലേക്ക് ജലവിതരണം നടത്തുന്നതിനുവേണ്ടി എടാട്ടിൽ നിർമിക്കുന്ന 8.5 ലക്ഷം ലിറ്റർ ഉന്നതലജലസംഭരണിയുടെ 70% പ്രവൃത്തി പൂർത്തീകരിച്ചു. ചെറുതാഴം പഞ്ചായത്തിലേക്ക് ജലവിതരണം നടത്തുന്നതിനു വേണ്ടി ശ്രീസ്ഥ 8.5 ലക്ഷം ലിറ്റർ, പടിക്കപ്പാറ 4.5 ലക്ഷം ലിറ്റർ എന്നീ സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന ഉന്നതല ജലസംഭരണിയുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. |

Renuka Sankar
സെക്ഷൻ ഓഫീസർ